**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5442** **12-08-2021 - ൽ മറുപടിയ്ക്ക്**

**ആധാരം എഴുത്തുകാരുടെ ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വ്യക്തികളിൽ നിന്നും ആധാരം എഴുത്തുകാർ അന്യായമായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം അന്യായം ഒഴിവാക്കാനായി സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള സൗകര്യം നിലവിൽ വന്നത് മുതൽ ഈ സംവിധാനം ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്തിയ എത്ര പേർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ബി) | സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള സൗകര്യം നിലവിൽ വന്നതു മുതൽ ഈ സംവിധാനം ഉപയോഗിച്ച് 2572 പേർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ജില്ല എണ്ണം തിരുവനന്തപുരം 346 കൊല്ലം 296 പത്തനംതിട്ട 198 ആലപ്പുഴ 188 കോട്ടയം 55 ഇടുക്കി 105 എറണാകുളം 228 തൃശ്ശൂർ 305 പാലക്കാട് 102 മലപ്പുറം 212 കോഴിക്കോട് 292 വയനാട് 41 കണ്ണൂർ 181 കാസർഗോഡ് 23 ആകെ 2572 |
| (സി) | സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന രീതിയിൽ പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; | (സി) | സ്വയം ആധാരം തയ്യാറാക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പത്തൊൻപത് ഇനം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റായ www.keralaregistration.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃകാ ആധാരങ്ങൾ അടിസ്ഥാനമാക്കി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ്വയം ആധാരം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി 8547344357 എന്ന നമ്പരിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ ഉപദേശങ്ങൾ നൽകുന്നതിനും, ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ച |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ